(ഡി) നേരത്തെയുണ്ടായിരുന്നതുപോലെ ബസ് സ്റ്റേഷനുകളിൽ ഇതു സംബന്ധിച്ച് ബോർഡുകൾ സ്ഥാപിക്കുമോ ;

(ഇ) ജീവനക്കാരും മറ്റും ഇക്കാര്യത്തിൽ അജ്ഞരായതുകൊണ്ട് പത്ര മാധ്യമങ്ങളിൽ കൂടി പുതുതായി ഇതിന് അറിയിപ്പ് നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാസ്റ്റ് പാസഞ്ചർ ബസിനുള്ള സ്റ്റോപ്പുകൾ എല്ലാം പ്രധാന സ്റ്റോപ്പുകളായി കണക്കാക്കേണ്ടതാണ്.

(സി) ഇല്ല.

(ഡി) ബസ് സ്റ്റേഷനുകളിൽ ഇതുവരേയും ഇത്തരത്തിലുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടില്ല.

(ഇ) പത്രമാധ്യമങ്ങളിൽക്കൂടി ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകാൻ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുള്ള ധനസഹായം

86 (1141) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ബസുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. ക്ക് എവിടെ നിന്നെല്ലാം ധനസഹായം ലഭിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് തുക ലഭിക്കുന്നത് ;

(സി) എത്ര വർഷം കൊണ്ടാണ് ഈ തുക ഓരോന്നും തിരിച്ച് നൽകേണ്ടത് ;

(ഡി) ഈ ധനസഹായവും പലിശയും ചേർത്ത് തിരിച്ചടയ്ക്കുമ്പോൾ എന്തു തുക നൽകേണ്ടതായി വരും ?

ഉത്തരം

(എ) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭിച്ചിട്ടുണ്ട്.

(ബി) 15¼ ശതമാനം പലിശ നിരക്കിൽ 300 ആഴ്ചകളിലായി മുതലും പലിശയും കൂടി തിരിച്ചടയ്ക്കണമെന്നാണ് കെ.ടി.ഡി.എഫ്.സി.യുടെ ഇപ്പോഴത്തെ വ്യവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലാ കോപ്പറേറ്റീവ് ബാങ്കിന്റെ വ്യവസ്ഥ താഴെ പറയുന്നവയാണ്

1. 13 ശതമാനം പലിശ നിരക്കിൽ 36 മാസം കൊണ്ട് മുതലും പലിശയും തിരിച്ചടയ്ക്കണം.

2. വായ്പ തുകകൊണ്ടും വാങ്ങുന്ന വാഹനങ്ങൾ ഉപയോഗിച്ച് അതാതു ജില്ലകളിൽത്തന്നെ സർവീസ് നടത്തേണ്ടതാണ്.

3. പ്രസ്തുത വാഹനങ്ങളുടെ ദിവസംതോറുമുള്ള വരുമാനം ജില്ലാ ബാങ്കിൽ തന്നെ കറണ്ട് അക്കൗണ്ടിൽ അടയ്ക്കുകയും അതിൽ നിന്നും ഒരു വണ്ടിക്ക് ദിവസം 1000 രൂപ നിരക്കിൽ ഒരാഴ്ചത്തേക്കുള്ള വിഹിതം കഴിച്ച് ബാക്കി തുക എട്ടാം ദിവസം കോർപ്പറേഷന്റെ അക്കൗണ്ടിൽ സർക്കാർ ട്രഷറിയിലേക്ക് കൈമാറ്റം ചെയ്യുന്നതുമാണ്.

(സി) കെ.ടി.ഡി.എഫ്.സി.യിൽ നിന്നും ലഭിച്ച വായ്പ 300 ആഴ്ചകളായും പാലക്കാട് ജില്ല സഹകരണ ബാങ്കിൽ നിന്നും ലഭിച്ച വായ്പ 36 മാസം കൊണ്ടും തിരിച്ചടച്ച് തീർക്കേണ്ടതാണ്.

(ഡി) കെ.ടി.ഡി.എഫ്.സി.യിൽ നിന്നും എടുത്ത വായ്പക്ക് 15 ¼ പലിശ ഉൾപ്പെടെ മുതലും പാലക്കാട് ജില്ലാ ബാങ്കിൽ നിന്നും എടുത്ത വായ്പയ്ക്കു 13 ശതമാനം പലിശ ഉൾപ്പെടെ മുതലും തിരിച്ചടയ്ക്കേണ്ടതായുണ്ട്.

യാത്രാക്ലേശം പരിഹരിക്കാൻ നടപടി

87 (1142) ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാൻ കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) 1998-1999, 1999-2000 വർഷങ്ങളിൽ എത്ര പുതിയ ബസ്സുകൾ കെ. എസ്.ആർ.ടി.സി. നിരത്തിലിറക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദേശസാൽകൃത മേഖലയിലേയും ദേശസാൽകൃതമല്ലാത്ത മേഖലകളിലെ വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകളും കൃത്യമായി ഓപ്പറേറ്റ് ചെയ്യുവാൻ യൂണിറ്റധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകളെ എ,ബി,സി,ഡി എന്നീ നാലു വിഭാഗങ്ങളായി തിരിച്ചിരിക്കുകയാണ്. ഉയർന്ന വരുമാനം ലഭിക്കുന്ന എ,ബി വിഭാഗങ്ങളിൽപ്പെടുന്ന സർവ്വീസുകൾ നിർബന്ധമായും ഓപ്പറേറ്റ് ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. വരുമാനം വളരെ കുറവായ 'ഡി' വിഭാഗത്തിലെ സർവ്വീസുകളാണ് ബസിന്റേയും ജീവനക്കാരുടേയും അപര്യാപ്തതമൂലം നിത്യേന ഓടിക്കുവാൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly